# റെയിൽവെയിൽ  ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് -പ്രതി അറസ്റ്റിൽ

ഇന്ത്യൻ റെയിൽവെയിൽ ക്ലറിക്കൽ ജോലി വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ഡൽഹിയിൽ വച്ച് ഇൻറർവ്യൂവും മെഡിക്കലും നടത്തി വിവിധ ആളുകളിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്ത കേസ്സിൽ ഇടനിലക്കാരനായി പ്രവർത്തിച്ച കാഞ്ഞൂർ ഈട്ടുങ്ങപ്പടി വീട്ടിൽ മാധവൻ മകൻ 51 വയസ്സുള്ള സോമനെ കാലടി പോലീസ് അറസ്റ്റു ചെയ്തു.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി A.V. ജോർജ് I.P.S-ന് ലഭിച്ച രഹസ്യ വിവരത്തിൻെറ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ഡി.വൈ.എസ്.പി. ജി.വേണുവിൻെറ  നേതൃത്വത്തിൽ കാലടി പോലീസ് ഇൻസ്പെക്ടർ സജി മാർക്കോസ്, സബ്ബ്-ഇൻസ്പെക്ടടർ അനൂപ്.എൻ.എ ,അസ്സി.സബ്ബ് ഇൻസ്പെക്ടർ രാജൻ.വി.വി,എന്നിവർ ചേർന്ന് കാഞ്ഞൂരിൽ വച്ചാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പ്രതിയെ കാലടി കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു . പ്രതികൾ ഇത്തരത്തിൽ കേരളത്തിലെ മറ്റ് ജില്ലകളിലും മറ്റും സമാന തട്ടിപ്പ് നടത്തി കൂടുതൽ ആളുകളെ ചതി ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിലേക്ക് കാലടി പോലീസ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ് എന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു..